# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 9 26.09.2011-ൽ മറുപടി നൽകേണ്ടിയിരുന്നത്

## 100 ദിന കർമ്മ പരിപാടിയുടെ പുരോഗതി

| | ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത് : | (എ) | നൂറു ദിവസത്തിനുള്ളിൽ നടപ്പാക്കാൻ കഴിയുന്ന തരത്തിലുള്ള വിവിധ പദ്ധതികളാണ് ഉൾപ്പെടുത്തിയിരുന്നത്. |
| (ബി) | ഇതിനകം ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ : | (ബി) | സംസ്ഥാനത്തെ എല്ലാ സർക്കാർ ആഫീസുകളിലും വിവരാവകാശ അപേക്ഷാ ഫീസ് മണി ഓർഡറായി സ്വീകരിക്കും, കൊല്ലം, തൃശ്ശൂർ നഗരസഭകളിൽ വികസന അതോറിറ്റികൾ, കോഴിക്കോട് വികസന അതോറിറ്റി, സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സിക്ക്, ഉന്നത സ്വാശ്രയ കോളേജുകൾക്ക് എൻ.ഒ.സി, വിപുലമായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവ ഒഴികെ നൂറുദിന കർമ്മപദ്ധതിയിൽ ലക്ഷ്യമിട്ട 107-ൽ 101 പദ്ധതികൾ നടപ്പാക്കുകയോ ആരംഭിക്കുകയോ ചെയ്തിട്ടുണ്ട്. |
| (സി) | 100 ദിന കർമ്മപരിപാടിയുടെ പുരോഗതി അവലോകനം നടത്തിയിട്ടുണ്ടോ : വിശദാംശം നൽകുമോ : | (സി) | ഇക്കാര്യത്തിൽ അവലോകനം നടത്തി ബഹു: മുഖ്യമന്ത്രി 100 ദിന കർമ്മ പരിപാടിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച പ്രഖ്യാപനം നടത്തിയിട്ടുണ്ട്. |
| (ഡി) | ഇതേ മാതൃകയിൽ തീവ്രയത്ന പരിപാടികൾ വരും നാളുകളിൽ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ : എങ്കിൽ വിശദാംശം നൽകുമോ ? | (ഡി) | ഉണ്ട്. ഒരു വർഷത്തെ കർമ്മപരിപാടികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ